## മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

എൻ.എസ്.എസ് , എൻ.സി.സി , ആർട്സ്, സ്പോർട്സ് എന്നീ വിഭാഗങ്ങളിൽ അനുവദിക്കുന്ന ഗ്രേസ് മാർക്ക് വിതരണം നടത്തുന്നത് സംബന്ധിച്ച വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അക്കാദമിക് എ VIII സെക്ഷൻ

നം . 5145/Ac AVIII/01/2017

തിയതി; പി.ഡി ഹിൽസ് , 22/08/2017

പരാമർശം :

(1) 25/06/2010 ലെ 5244/03/10/AcAVIII നമ്പർ സർവ്വകലാശാല ഉത്തരവ്.
(2) 16/04/2016 ലെ 2180/01/AcAVIII/2016 നമ്പർ സർവ്വകലാശാല ഉത്തരവ്
(3) 16/04/2016 ലെ 2206/01/AcAVIII/2016 നമ്പർ സർവ്വകലാശാല ഉത്തരവ്
(4) 16/04/2016 ലെ 2205/01/AcAVIII/2016 നമ്പർ സർവ്വകലാശാല ഉത്തരവ്
(5) മാറമ്പള്ളി എം.ഇ എസ് കോളേജിലെ 2012-15 ബാച്ച് വിദ്യാർഥിയായിരുന്ന ശ്രീ. മുഹമ്മദ് റഷീദിന്റെ 26/10/2016 തിയതിയിലെ അപേക്ഷ.
(6) 14/07/2017 ലെ 4323/ AcAVIII/01/2017 നമ്പർ സർവ്വകലാശാല ഉത്തരവ്
(7) 17/07/2017 ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ( ഇനം നം. 101/17.08/171698)

## ഉത്തരവ്

എൻ എസ് എസ് പ്രവർത്തനത്തിന് തനിക്ക് അനുവദനീയമായ ഗ്രേസ് മാർക്ക് തന്റെ മൂന്നും നാലും സെമസ്റ്ററിലെ സപ്ലിമെന്ററി പരീക്ഷയിലേക്ക് കൂടി നൽകണം എന്നാവശ്യപ്പെട്ട്. ശ്രീ. മുഹമ്മദ് റഷീദ് പരാമർശം (5) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ഗ്രേസ് മാർക്കിന്റെ വിതരണം സംബന്ധിച്ച് ആധാരമാക്കിയിരിക്കുന്ന പരാമർശം (1) ഉത്തരവ് പ്രകാരം ഗ്രേസ് മാർക്ക് നൽകുന്നത് റെഗുലർ പരീക്ഷയിലെ വിഷയങ്ങൾക്കാണ് . ഒരു വിഷയത്തിന് 5% മാർക്കിൽ കുറവ് അല്ലെങ്കിൽ പരീക്ഷ എഴുതാതെ വരിക എന്നീ സന്ദർഭങ്ങളിൽ മാത്രമാണ് ഗ്രേസ് മാർക്ക് തൊട്ടടുത്ത സപ്ലിമെന്ററി പരീക്ഷയിലേക്ക് നൽകുന്നത് . 5% മാർക്കിൽ കൂടുതൽ തന്റെ ആദ്യ പരീക്ഷയിൽ ലഭിച്ച ഒരാൾക്ക് ആ പരീക്ഷയിൽ നൽകാതെ തൊട്ടടുത്ത സപ്ലിമെന്ററി പരീക്ഷയിലേക്ക് നൽകാം എന്ന് ഉത്തരവിൽ വ്യക്തമായി പറയാത്തതിനാൽ വൈസ് ചാൻസിലറുടെ ഉത്തരവ് പ്രകാരം ഈ വിഷയം സിൻഡിക്കേറ്റ് മുമ്പാകെ സമർപ്പിച്ചു.

17/07/2017 തിയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം 101/17.08/171698 ഇനം നമ്പരായി വിഷയം പരിഗണിച്ച് താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

“എൻ.എസ്.എസ് , എൻ.സി.സി , ആർട്ട്സ്, സ്പോർട്ട്സ് എന്നീ വിഭാഗങ്ങളിൽ അനുവദിക്കുന്ന ഗ്രേസ് മാർക്ക് വിദ്യാർഥി തോൽക്കുന്ന വിഷയങ്ങൾക്കായി ആദ്യം പരിഗണിക്കുകയും തുടർന്ന് മറ്റുള്ള വിഷയങ്ങൾക്ക് നൽകുകയും ചെയ്യുന്ന രീതിയിൽ വിദ്യാർഥികൾക്ക് സഹായകരമായി 2015 അഡ്മിഷൻ മുതൽ നൽകണമെന്ന് തീരുമാനിച്ചു.

സർവ്വകലാശാല യുവജനോത്സവത്തിൽ മത്സരാർഥികളെ അനുഗമിക്കുന്നവർക്കും ഗ്രേസ് മാർക്ക് നൽകുന്നതിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സിൻഡിക്കേറ്റിന്റെ പരീക്ഷാ ഉപസമിതിയെ ചുമതലപ്പെടുത്തി

ഗ്രേസ് മാർക്ക് സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ പഠിച്ച് മാറ്റങ്ങൾ നിർദ്ദേശിച്ച് സമഗ്രമായ റിപ്പോർട്ട് നൽകുന്നതിനും പരീക്ഷാ ഉപസമിതിയെ ചുമതലപ്പെടുത്തി. “

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

പരാമർശം 2,3 ,4,6 ഉത്തരവുകൾ ഇതിനാൽ ഭേദഗതി ചെയ്യുന്നു.

ഒപ്പ്
സുകുമാരൻ റ്റി ബി.
അസിസ്റ്റന്റ് രജിസ്ട്രാർ I ( അക്കാദമിക് )
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് ,

(1) വിസി /പിവിസി യുടെ പി.എസ്
(2) രജിസ്ട്രാറുടെ പി എ
(3) പരീക്ഷാ കണ്ട്രോളറുടെ പി എ
(4) എൻ എസ് എസ് പ്രോഗ്രാം കോ ഓർഡിനേറ്റർ /ഡി എസ് എസ് /SPESS
(5) എ .ആർ /ഡി .ആർ /ജെ.ആർ (അക്കാദമിക് /പരീക്ഷ )
(6) ടാബുലേഷൻ സെക്ഷനുകൾ
(7) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ ( അപ് ലോഡ് ചെയ്യുന്നതിനായി )
(8) പി.ആർ .ഒ /എൻക്വയറി
(9) ഡോ. ആർ പ്രഗാഷ് ( കൺവീനർ , സിൻഡിക്കേറ്റ് ഉപസമിതി - പരീക്ഷ )
(10) റെക്കോർഡ്സ് /എ സി സി / ഐ ക്യു എ സി
(11) കരുതൽ ഫയൽ /ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. CBCSS XX/1/GM-23/2015